**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1631** | **08-02-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിനുള്ള സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരണത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; നെല്ലിന് നിർണയിച്ചിട്ടുള്ള താങ്ങുവില എത്രയെന്ന് വ്യക്തമാക്കുമോ; | (എ) | 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനായി സപ്ലൈകോയുമായി കരാറിൽ ഏർപ്പെടാൻ താൽപ്പര്യമുള്ള മില്ലുകളെ കണ്ടെത്തുന്നതിനായി പത്ര മാധ്യമങ്ങൾ വഴി 2022 ജൂലൈ മാസം താൽപ്പര്യപത്രം ക്ഷണിച്ചു. ഒന്നാംവിള (വിരിപ്പ്) നെല്ല് സംഭരണത്തിനായുള്ള കർഷക രജിസ്ട്രേഷനുവേണ്ടി വെബ് സൈറ്റ് (www.supplycopaddy.in) 2022 ആഗസ്റ്റ് ഒന്നുമുതൽ കർഷകർക്ക് തുറന്നു കൊടുക്കുകയും ഇത് സംബന്ധിച്ച് മാധ്യമങ്ങൾ വഴിയും കൃഷി വകുപ്പ് വഴിയും കർഷകരെ അറിയിക്കുകയും ചെയ്തു. മില്ലുടമകളുമായി കരാറിൽ ഏർപ്പെട്ടശേഷം 30.09.2022 മുതൽ നെല്ല് സംഭരണം ആരംഭിച്ചു. 2023 ജൂൺ മാസത്തോടെ 2022-23 സീസണിലെ നെല്ല് സംഭരണം അവസാനിക്കുന്നതാണ്. നെല്ല് സംഭരണം സുഗമമായി നടപ്പിലാക്കുന്നതിനായി ഫീൽഡ്തലത്തിൽ പാഡി മാർക്കറ്റിംഗ് ഓഫീസർ, പ്രൊക്യൂർമെന്റ് അസിസ്റ്റന്റ് തസ്തികയിൽ ആവശ്യമായ ഉദ്യോഗസ്ഥരെ എല്ലാ ജില്ലകളിലേയ്ക്കുമായി കൃഷി വകുപ്പ് മുഖേന സപ്ലൈകോ നിയോഗിക്കുകയും പാടശേഖരത്തിലെ കൊയ്ത്ത് ആരംഭിക്കുന്നതിന് മുൻപേ തന്നെ നെല്ല് സംഭരിക്കുന്നതിനായി മില്ലുകൾക്ക് പാടം അനുവദിച്ച് നൽകുകയും പാടശേഖരങ്ങളിൽ കൊയ്ത്ത് ആരംഭിക്കുന്നമുറയ്ക്ക് തന്നെ നെല്ലെടുക്കാൻ നിയോഗിക്കപ്പെട്ട മില്ലുകൾ മുഖാന്തിരം സപ്ലൈകോ നെല്ല് സംഭരിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ നെല്ലിന് നിശ്ചയിച്ചിട്ടുള്ള താങ്ങുവില കിലോ ഗ്രാമിന് 20.40 രൂപയാണ്. സംസ്ഥാന പ്രോത്സാഹന ബോണസിനത്തിൽ പ്രഖ്യാപിച്ച 7.80 രൂപയും |

| | | | |
|---|---|---|---|
| | | | ചേർത്ത് കിലോ ഗ്രാമിന് ആകെ 28.20 രൂപയാണ് കർഷകർക്ക് നൽകിവരുന്നത്. |
| (ബി) | സംസ്ഥാനത്ത് കഴിഞ്ഞവർഷം ആകെ ഉത്പാദിപ്പിച്ച നെല്ല് എത്രയാണെന്നും ഇതിൽ എത്ര നെല്ല് മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കുമോ; ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ; | (ബി) | സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ പ്രസിദ്ധീകരിച്ച കണക്കു പ്രകാരം 2021-22 വർഷത്തിൽ 854321.473 മെട്രിക് ടൺ നെല്ല് സംസ്ഥാനത്ത് ഉത്പാദിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ സീസണിൽ (2021-22) 254072 കർഷകരിൽ നിന്നായി 748403.193 ടൺ നെല്ലിന് കിലോയ്ക്ക് 28 രൂപ നിരക്കിൽ ആകെ 2095.52 കോടി രൂപ വിതരണം ചെയ്തു. |
| (സി) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും താങ്ങുവില നൽകി സംഭരിക്കുവാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടി എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | സപ്ലൈകോ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ കർഷകരുടെയും നെല്ല് ഗുണമേന്മാ മാനദണ്ഡങ്ങൾ പാലിച്ച് സമയബന്ധിതമായി സംഭരിക്കുന്നുണ്ട്.<br>2021-22, 2022-23 സീസണുകളിൽ സപ്ലൈകോ വഴി നാളിതുവരെ (31.01.2023) സംഭരിക്കപ്പെട്ട നെല്ലിന്റെ കണക്ക് **അനുബന്ധം** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## നെല്ല് സംഭരണം

| **ജില്ല** | **2021-22 സീസൺ അളവ് (ടണ്ണിൽ)** | **2022-23 സീസൺ അളവ് (ടണ്ണിൽ)** |
|---|---|---|
| തിരുവനന്തപുരം | 1781.581 | 837.417 |
| കൊല്ലം | 1386.562 | 353.564 |
| പത്തനംതിട്ട | 8886.109 | 1.295 |
| ആലപ്പുഴ | 144998.2 | 43799.17 |
| കോട്ടയം | 64427.5 | 25612.74 |
| ഇടുക്കി | 210.136 | 5.390 |
| എറണാകുളം | 10375.938 | 812.445 |
| തൃശ്ശൂർ | 102939.927 | 3227.873 |
| പാലക്കാട് | 350008.117 | 112986.2 |
| മലപ്പുറം | 39727.629 | 2305.084 |
| കോഴിക്കോട് | 867.900 | 0 |
| വയനാട് | 18527.737 | 7937.648 |
| കണ്ണൂർ | 2752.258 | 764.782 |
| കാസർഗോഡ് | 1513.6444 | 556.855 |
| **ആകെ** | **748403.2** | **199200.492** |